# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026













## തീരദേശ എൽ പി സ്കൂൾ

നീർക്കുന്നം

## ആമുഖം

അമ്പലപ്പുഴ വടക്ക് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് സ്കൂളാണ് തീരദേശ എൽ.പി.എസ് നീർക്കുന്നം. എ കെ ഡി എസ് ബ്രാഞ്ച് 52-ാം നമ്പർ കരയോഗത്തിന്റെ കീഴിലാണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത്. മത്സ്യതൊഴിലാളി മേഖലയിൽ സ്ഥിതി ചെയ്യുന്ന ഒരു ലോവർ പ്രൈമറി സ്കൂളാണിത്. 1958-ലാണ് സ്കൂൾ സ്ഥാപിതമായത്. ആദ്യത്തെ ഹെഡ്മിസ്ട്രസ്സ് ശ്രീമതി.ലക്ഷ്മിക്കുട്ടിയമ്മ ആയിരുന്നു. ആദ്യത്തെ സ്കൂൾ മാനേജർ ശ്രീ.വെളുത്ത ചെറുക്കൻ അവർകൾ ആയിരുന്നു. ധാരാളം സർക്കാർ ഉദ്യോഗസ്ഥർ ഈ സ്കൂളിന്റെ പൂർവ്വ വിദ്യാർത്ഥികളായിട്ടുണ്ട്. പ്രാരംഭ ഘട്ടത്തിൽ 1 മുതൽ 4 വരെ ആകെ 4 ക്ലാസ്സുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ പ്രീപ്രൈമറി വിഭാഗം മുതൽ 4-ാം ക്ലാസ്സുവരെ ഏകദേശം 200-ഓളം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്.

## നിലവിലെ അവസ്ഥ

| | | |
|---|---|---|
| കുട്ടികളുടെ എണ്ണം എൽ.പി | - | 146 |
| പ്രീപ്രൈമറി | - | 40 |
| അദ്ധ്യാപകർ | | |
| സ്ഥിരം | - | 6 |
| നിയമനാംഗീകാരം ലഭിക്കാത്തവർ | - | 2 |
| ക്ലാസ്സ്മുറികൾ | - | 11 |
| അടുക്കള | - | 1 |

## വിദ്യാലയം കൈവരിച്ച നേട്ടങ്ങൾ

പൊതുസമൂഹവും വിദ്യാഭ്യാസ അധികാരികളും തിരിച്ചറിയുന്നതിനും അംഗീകരിക്കുന്നതിനും ഈ അധ്യയന വർഷത്തിൽ സാധിച്ചു. മലയാള ഭാഷാപഠനത്തിൽ മുഴുവൻ കുട്ടികൾക്കും പ്രത്യേക ക്ലാസ്സുകൾ സംഘടിപ്പിക്കുവാൻ സാധിച്ചു. സബ്ജില്ല കലാ-കായിക-പ്രവൃത്തി പരിചയ മേളകളിൽ പങ്കെടുത്ത് അഭിമാനകരമായ നേട്ടം കൈവരിക്കുവാൻ ഈ അധ്യയന വർഷത്തിൽ സാധിച്ചു.

## പരിമിതികൾ

- → എല്ലാ അധ്യാപകർക്കും ഐ.റ്റിയിലെ പരിജ്ഞാന കുറവ്
- → ഐ.റ്റി അധിഷ്ഠിത ക്ലാസ്സ്മുറികളുടെ അഭാവവും ഐ.റ്റി അനുബന്ധ ഉപകരണങ്ങൾ കേടായാൽ അറ്റകുറ്റ പണി നടത്തുവാൻ ആവശ്യമായി വരുന്ന ഭീമമായ ചെലവ്
- → എല്ലാ കുട്ടികൾക്കും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുവാനുതകുന്ന തരത്തിലുള്ള ഒരു ഭക്ഷണ ഹാളിന്റെ അപര്യാപ്തത
- → ലൈബ്രറി, ലാബുകൾ എന്നിവയ്ക്ക് സ്വന്തം മുറി ലഭ്യമല്ലാത്തത്
- → കലാ-കായിക അധ്യാപകരെ സ്ഥിരമായി നിയമിക്കാത്തതിലുള്ള അപര്യാപ്തത.
- → കമ്പ്യൂട്ടർ പഠനത്തിന് സ്ഥിരമായി ഒരു അധ്യാപകൻ ഇല്ലാത്തത്
- → കുട്ടികൾക്ക് അനുയോജ്യമായ ഫർണ്ണീച്ചറുകൾ ഇല്ലാത്തത്
- → നൂതനസാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തനം നടത്തുന്നതിന് അനുയോജ്യമായ ഒരു ക്ലാസ്സ്മുറിയുടെ അപര്യാപ്തത
- → കുട്ടികൾക്ക് മഴയും വെയിലും ഏൽക്കാതെ അസംബ്ലി കൂടുന്നതിനുള്ള അസംബ്ലി ഹാളിന്റെ അപര്യാപ്തത
- → നഴ്സറി കുട്ടികളെ ആകർഷിക്കുന്നതിന് കളി ഉപകരണങ്ങൾ ആവശ്യമാണ്. കുട്ടികൾക്ക് പാർക്ക് ഉണ്ട്.

## പൊതു ലക്ഷ്യങ്ങൾ

- പഠന വിഷയങ്ങളിൽ ആശയ ദൃഢത ഉണ്ടാകണം. ഭാഷാ, കണക്ക്, സയൻസ്, ഐ.റ്റി വിഷയങ്ങളിൽ ധാരണയും കഴിവും നേടണം.
- പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും, ആർജ്ജവവും വേണം.
- സാമൂഹ്യ രംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കണം
- ഓരോ കുട്ടിയും ചുരുങ്ങിയത് രണ്ടു ഭാഷകളിലെങ്കിലും ഭാഷാ ജ്ഞാനവും ആശയ വിനിമയ ശേഷിയും നേടണം.

## കാഴ്ചപ്പാട്

- സ്കൂൾ ക്യാമ്പസ് ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റുക
- വായനശാല, ലൈബ്രറി എന്നിവ ആധുനികവൽക്കരിക്കുക
- തൊഴിൽ ചെയ്യുവാനുള്ള കഴിവ് വികസിപ്പിക്കുക
- കൗൺസിലിംഗ് ലഭ്യമാക്കുക
- സമഗ്ര വിദ്യാഭ്യാസം നൽകു
- പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുക
- കുട്ടികളിൽ ലഹരി വിരുദ്ധ മനോഭാവം വളർത്തുക
- പ്ലാസ്റ്റിക്ക് മുക്ത, കീടനാശിനി മുക്ത, ലഹരി മുക്ത ക്യാമ്പസ് യാഥാർത്ഥ്യമാക്കുക
- കാർഷിക സംസ്കാരം വളർത്തിയെടുക്കുക
- ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുക
- സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

സ്കൂൾതല പ്രവേശനോത്സവം 25-26 ജൂൺ 2-ാം തീയതി സ്കൂൾ ഹാളിൽ വെച്ച് നടത്തപ്പെട്ടു. മുന്നൊരുക്കങ്ങൾ ഏപ്രിൽ, മെയ് മാസങ്ങളിലേ തുടങ്ങി. ഏപ്രിൽ മാസത്തിൽ ക്ലാസ്സ് പി.ടി.എയിൽ കുട്ടികളുടെ പഠനനിലവാരം ചർച്ച ചെയ്തു. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിലേക്ക് ഓൺലൈനായും ഓഫ്ലൈനായും ധാരാളം പ്രവർത്തനങ്ങൾ ചെയ്തു. വായനാവസന്തം എടുത്തു പറയത്തക്ക പ്രവർത്തനമായിരുന്നു.

വീടുകൾ സന്ദർശിച്ച് കുട്ടികളെ പഠനത്തിൽ അധ്യാപകർ സഹായിച്ചു കൊണ്ടിരുന്നു. ഭവനസന്ദർശനത്തിലൂടെ സ്കൂളിലേക്ക് കുട്ടികളെ കണ്ടെത്തുകയും ചെയ്തിരുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ എൽ കെ ജി, യു കെ ജി വിദ്യാർത്ഥികൾക്ക് കൊടുത്ത് വാക്കുകളും വാക്യങ്ങളും പറയാനും എഴുതാനും പരിശീലിപ്പിച്ചു. 1, 2, 3 ക്ലാസ്സുകാർക്ക് ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ വിതരണം ചെയ്തു.

മെയ് മാസത്തിൽ സ്കൂൾ നവീകരിച്ചു. അങ്ങനെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി. പ്രവേശനോത്സവം ഗംഭീരമായി ആഘോഷിച്ചു. 10 മണിക്ക് തുടങ്ങിയ യോഗനടപടികൾ 12 വരെ നീണ്ടു. എച്ച്.എം സ്വാഗതം പറഞ്ഞു. പഞ്ചായത്ത് പ്രസിഡന്റ്, മെമ്പർ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, മാനേജർ, പി ടി എ, എം പി ടി എ തുടങ്ങി നാട്ടുകാർ, പൂർവ്വ വിദ്യാർത്ഥികൾ എല്ലാവരും തങ്ങളുടേതായ പങ്കുവഹിച്ചു.

സ്കൂൾ സുരക്ഷ, ജാഗ്രതാസമിതി എന്നിവയിലെ അംഗങ്ങൾ കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി. വീട്ടിൽ നിന്ന് സ്കൂൾ അന്തരീക്ഷത്തിലേക്ക് തിരികെ എത്തിയ കുട്ടികളെ അവരുടെ താല്പര്യം അനുസരിച്ച് എല്ലാ ക്ലാസ്സുകളിലും ആദ്യ ഇഷ്ട പ്രവർത്തനങ്ങളിലേർപ്പെടുവാൻ അവസരവും പ്രീടെസ്റ്റും നടത്താൻ എല്ലാവരും തീരുമാനിച്ചു. പിന്നീട് 2 മുതൽ 13 വരെ

നടത്തേണ്ട പ്രവർത്തനങ്ങൾ വിശദമായി ചർച്ച ചെയ്തു. അതാത് അധ്യാപകർ ക്ലാസ്സുകളിലൂടെ വിദ്യാർത്ഥികളിൽ എത്തിച്ചു.

| | |
|---|---|
| ജൂൺ - 3 | പൊതുകാര്യങ്ങൾ |
| | ലഹരി ഉപയോഗത്തിനെതിരെ |
| ജൂൺ - 4 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ |
| | സ്കൂൾ വാഹന സഞ്ചാരം, റോഡ് നിയമങ്ങൾ |
| ജൂൺ - 5 | ആരോഗ്യം, വ്യായാമം, കായികക്ഷമത |
| ജൂൺ - 9 | വ്യക്തിശുചിത്വം, പരിസരശുചിത്വം, സ്കൂൾ സൗന്ദര്യവൽക്കരണം |
| ജൂൺ - 10 | ഡിജിറ്റൽ അച്ചടക്കം |
| ജൂൺ - 11 | പൊതുമുതൽ സംരക്ഷണം |
| ജൂൺ - 12 | പരസ്പര സഹകരണത്തിന്റെ പ്രാധാന്യം |

ഈ പ്രവർത്തനങ്ങൾ വിവിധ വിഷയങ്ങളെ ആസ്പദമാക്കി നടപ്പാക്കാനാണ് തീരുമാനിച്ചത്. ക്രോഡീകരണത്തിൽ എത്തുമ്പോൾ വികസിച്ച പ്രവർത്തനങ്ങളിലൂടെ ഒരു ഉത്തമ പൗരനെ വാർത്തെടുക്കുവാൻ വേണ്ട ശേഷികൾ കുട്ടികളിലുണ്ടാകും.

ക്രോഡീകരണത്തിലൂടെ വികസിച്ച ധാരണകളുടെ അടിസ്ഥാനത്തിൽ തുടർന്നുള്ള പാഠഭാഗ പ്രവർത്തനങ്ങൾ വികസിപ്പിച്ചെടുക്കും.

ഭാഷാപരമായ പിന്നാക്കാവസ്ഥ, ഗണിതപരമായ പിന്നാക്കാവസ്ഥ ഇവ പരിഹരിക്കുന്നതിനും പരിസര പഠനം, സസ്യസംരക്ഷണം, കൃഷി, പരീക്ഷണങ്ങൾ, പഠനയാത്ര, കൃഷിക്കാരൻ സമൂഹത്തിന്റെ സ്വത്ത്, ഏതുജോലിക്കും അതിന്റേതായ മഹത്വം ഇവ മനസ്സിലാക്കുന്നതിനും അതിലൂടെ നല്ലൊരു പൗരനെ വാർത്തെടുക്കുന്നതിനുള്ള പഠനപ്രവർത്തനങ്ങൾ തുടർന്നുള്ള ദിവസങ്ങളിൽ ഏർപ്പെടേണ്ടതുണ്ട്.

പരിസ്ഥിതി ദിനം. വായനാവാരം തുടങ്ങിയ ദിനാചരണങ്ങളിലൂടെയും സ്കൂളിലെ മറ്റ് പ്രവർത്തനങ്ങളിലൂടെയും ഇതിന് സാധിക്കണം.

എല്ലാ കുട്ടികളേയും അക്ഷരങ്ങളും, വാക്ക്, എഴുത്തും അത്യാവശ്യം ഗണിതശേഷി നേടിയെടുപ്പിക്കുകയെന്നതാണ് ഈ വർഷം ഊന്നൽ നൽകുന്ന പ്രത്യേക പദ്ധതി. കഴിഞ്ഞ വർഷങ്ങളിലെപ്പോലെ ഈ വർഷവും എൽ എസ് എസ് നേടാനുതകുന്ന പ്രവർത്തനവും ഈ വർഷം ലക്ഷ്യമിടുന്നു. പ്രത്യേക ക്ലാസ്സ് വർഷാരംഭം മുതലേ നൽകാൻ ശ്രമിക്കും.

അമ്മമാർക്ക് പുസ്തകങ്ങൾ നൽകി കുട്ടികൾക്ക് വായിച്ചു കൊടുക്കാൻ നിർദ്ദേശിക്കുന്നുണ്ട്. ഒന്നും മൂന്നും ക്ലാസ്സുകളിലെ മാറിയ പുസ്തകങ്ങളിലൂടെ കുട്ടികൾക്ക് അക്ഷരം ഉറപ്പിക്കുന്നതിനുള്ള ധാരാളം പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

## ഗണിതരംഗം

എല്ലാ ക്ലാസ്സുകളും ഗണിത നേർക്കാഴ്ചകളിലൂടെ കുട്ടികളെ മനസ്സിലാക്കുന്ന രീതിയാണ് നടന്നുവരുന്നത്. കമ്പുകെട്ട്, ഗണിതചാർട്ട്, അബാക്കസ് എന്നിവയ്ക്ക് പുറമേ നമുക്ക് തന്നിട്ടുള്ള T.B, ഇവ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കാനും ഉറപ്പിച്ച സംഖ്യകൾ വിശകലനം ചെയ്യാനുമുള്ള നിരവധി പ്രവർത്തനങ്ങൾ ജൂൺ, ജൂലൈ മാസങ്ങളിലായി നടന്നു വരുന്നു. ഗണിതരൂപങ്ങൾ, ത്രികോണം. ചതുരം, വൃത്തം ഇവ കുട്ടികൾക്ക് നേരനുഭവങ്ങളിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നു.

ഇംഗ്ലീഷ്, അറബിക്, ഹിന്ദി, ഭാഷാവിഷയങ്ങൾ കൂടുതൽ മനസ്സിലാക്കുന്നതിന് ദിനാചരണങ്ങൾ പ്രയോജനപ്പെടുത്തുന്നു. ഇംഗ്ലീഷ് അസംബ്ലി, അറബിക് അസംബ്ലി ഇവ നടത്തുന്നു. വൈകുന്നേരങ്ങളിൽ ഫിസിക്കൽ എജ്യുക്കേഷൻ നടത്തണം, സ്പോർട്ട്സ് പരിശീലനം നൽകണം.

എഴുത്തും വായനയും ചതുഷ്ക്രിയകൾ ചെയ്യുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്ന ഒരു പഠനരീതി തന്നെ ആവിഷ്ക്കരിക്കണം. നാലിൽ നിന്നു

പോകുന്ന എല്ലാ കുട്ടികളും അക്ഷരങ്ങളും വാക്കുകളും എഴുതണം. ഗണിതക്രിയകൾ ചെയ്യണം. ഇതിനായി നിരവധി പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ട്.

## വായന

**വായനാവസന്തം:-** വായനാവസന്തം എന്ന പേരിൽ ഓരോ ക്ലാസ്സിലും തനതു ക്ലാസ്സിലെ കുട്ടികൾക്കു വേണ്ട വായനാസാമഗ്രികൾ വെച്ച് വായിക്കാൻ ബുദ്ധിമുട്ടുള്ളവരെ കണ്ടുപിടിച്ച് അവരെ വായനയുടെ ലോകത്തിലേക്ക് കൊണ്ടുവരാൻ ടീച്ചേഴ്സ് ശ്രദ്ധിക്കുന്നുണ്ട്. കൂടാതെ കുട്ടിടീച്ചർ പദ്ധതി. മിടുക്കരായ കുട്ടികൾ പഠനത്തിൽ പിന്നാക്കമായവരെ കൈതാങ്ങിലൂടെ വായനയിലേക്ക് കൊണ്ടുവരുന്നു.

ചിഹ്നങ്ങൾ ഉറപ്പിച്ച് വായനയും എഴുത്തും സുഗമമാകുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നു. അതിനായി വായനാകാർഡുകൾ, പുസ്തകങ്ങൾ എന്നിവ ഉപയോഗിക്കുന്നു.

അസംബ്ലിയിൽ വാർത്ത, പുസ്തകപരിചയം, കടംകഥ, പഴഞ്ചൊല്ലുകൾ എന്നിവയുടെ ശേഖരണപ്രകാശനം എന്നിവ നടത്തുന്നു.

അനുഗുണമായ സാമൂഹിക ശേഷി വർദ്ധിപ്പിക്കുന്നതിന് ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യണം. പരിസ്ഥിതി പഠനവുമായി ബന്ധപ്പെട്ട് നിരവധി പരീക്ഷണങ്ങളിലൂടെയാണ് ഓരോ ക്ലാസ്സും കടന്നുപോകുന്നത്. അവയിലെ പ്രധാനപ്പെട്ട പരീക്ഷണങ്ങൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട് സർഗ്ഗശേഷി വളർത്താൻ നിരവധി പ്രവർത്തനങ്ങൾ ആഗസ്റ്റ് മാസത്തിൽ ചെയ്യണം.

ചെടികൾ നടണം. പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് ഒരു മാവ് നട്ടു. മാവിന്റെ വളർച്ചയുമായി ബന്ധപ്പെട്ട് കുട്ടികളുടെ നേരനുഭവങ്ങൾ എഴുതിവെയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. തീരദേശമേഖലയുമായി ബന്ധപ്പെട്ടു കിടക്കുന്ന ഈ പ്രദേശത്തെ കുട്ടികൾക്ക് അവരുടെ അറിവുകൾ

വർദ്ധിപ്പിക്കുന്നതിന് മിനിമം പ്രയോജനപ്പെടുത്താവുന്ന വായനശാല, പ്രാദേശിക പരിസ്ഥിതി പഠനം, കടലുമായി ബന്ധപ്പെട്ട് തീരപ്രദേശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിശകലനം ചെയ്യൽ, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ പ്രാപ്തരാക്കുന്ന വിധത്തിൽ കുട്ടികളെ സജ്ജരാക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

| Programme | Activity | Duration | പിന്തുണ |
|---|---|---|---|
| * ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ മലയാളത്തിലക്കം | Pre test<br>അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷരകാർഡ് നൽകൽ<br>വാക്കുകൾ എഴുതിയ കാർഡ് നൽകൽ<br>വാക്കുകൾ നിർമ്മിക്കുക<br>ചിത്രം<br>അടിക്കുറിപ്പ്<br>കഥപറയൽ<br>ബാക്കി കഥ<br>കഥാപുസ്തകം നൽകൽ<br>ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 2 മാസം | BRC<br>DIET<br>PTA<br>MPTA |

## വിദ്യാലയത്തിന്റെ അക്കാദമിക ഭാഷയെക്കുറിച്ചുള്ള കാഴ്ചപ്പാട്

→ എല്ലാ പഠന നേട്ടങ്ങളും പൂർണ്ണമായി ആർജ്ജിക്കുക

→ മൂന്നു ഭാഷയെങ്കിലും കുട്ടി പഠിക്കുക

→ എല്ലാ കുട്ടികളും എല്ലാ വൈഭവങ്ങളും അതിന്റെ പരിപൂർണ്ണതയിൽ എത്തിക്കുക

→ ക്രിയാത്മക യുക്തിബോധ വിമർശനാത്മക ചിന്തയും വളർത്തുക

→ മതേതര ജനാധിപത്യ ബോധമുള്ളവരാക്കുക

## വരും വർഷങ്ങളിൽ മുൻഗണന നൽകേണ്ട ആവശ്യങ്ങൾ

→ ഊട്ടുപുര

→ അസംബ്ലി പന്തൽ

→ കമ്പ്യൂട്ടർ ലാബ് നവീകരണം

→ പ്ലേഗ്രൗണ്ട് തയ്യാറാക്കൽ

→ ജൈവ വൈവിധ്യപാർക്ക്

→ ഫർണ്ണീച്ചർ

അക്കാദമിക മാസ്റ്റർ പ്ലാൻ എൽ.പി വിഭാഗം, മേഖല – മലയാളം, ചുമതല – മലയാളം അധ്യാപകർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | * നാലാം തരത്തിലെ എല്ലാ കുട്ടികളും സ്വതന്ത്രമായി വായിക്കുന്നതിനും കഥകൾ സ്ഫുടതയും ഒഴുക്കുമുള്ള ശൈലിയിൽ ഭാവാത്മകമായി വായിക്കുന്നതിനുമുള്ള ശേഷി നേടുന്നതിന് | വായിക്കാം......... വളരാം<br>* ക്ലാസ്സ് ലൈബ്രറി ഒരുക്കൽ<br>* വായനാകാർഡുകൾ നൽകൽ<br>* പ്രാദേശിക ലൈബ്രറിയിൽ അംഗത്വം എടുക്കൽ<br>* ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>* പുസ്തകപരിചയം<br>* റീഡേഴ്സ് തീയേറ്റർ<br>* വായന ഉത്സവം<br>* പത്രവായന<br>* വായനാമത്സരങ്ങൾ സംഘടിപ്പിക്കൽ<br>* മാഗസിൻ വായന<br>* ആനുകാലിക വായന<br>* ഇ - വായന<br>* വായന അനുഭവം പങ്കുവെക്കൽ | ജൂൺ - മാർച്ച് |
| 2 | * നാലാം ക്ലാസ്സിലെ എല്ലാ കുട്ടികളും അക്ഷരതെറ്റില്ലാതെ സ്വതന്ത്ര രചന നടത്തുന്നതിനും തങ്ങളുടെ അനുഭവങ്ങളും കണ്ട കാഴ്ചകളും സർഗാത്മകമായി വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കുന്നതിന്, | എഴുത്ത് പച്ച<br>* കഥാരചന<br>* കവിത രചന<br>* സർഗ്ഗാത്മക ഡയറി<br>* പത്രവാർത്ത തയ്യാറാക്കൽ<br>* കയ്യെഴുത്ത് മാസിക<br>* ചുമർപത്രിക തയ്യാറാക്കൽ<br>* യാത്രാവിവരണം<br>* വർണ്ണന തയ്യാറാക്കൽ<br>* ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ<br>* കഥ പൂർത്തിയാക്കൽ<br>* അനുഭവക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ - മാർച്ച് |
| 3 | * നാലാംതരത്തിലെ കുട്ടികൾ പാഠപുസ്തകത്തിലെ കവിതകൾക്ക് പുറമേ പുതിയ പാട്ടുകൾ, കവിതകൾ, വായ്ത്താരികൾ എന്നിവ കണ്ടെത്തി ഈണം നൽകി അവതരിപ്പിക്കുന്നതിനും താളം തിരിച്ചറിഞ്ഞ് പുതിയ വരികൾ കൂട്ടിച്ചേർത്ത് കെട്ടിപ്പാടുന്നതിന് | പാട്ട് കെട്ടിപ്പാട്ട്<br>* താളം തിരിച്ചറിയൽ<br>* കാവ്യോത്സവം<br>* നാടൻ വാദ്യോപകരണ നിർമ്മാണവും പ്രയോഗവും<br>* കെട്ടിപ്പാട്ട്<br>* പാട്ടരങ്ങ് | ജൂൺ മുതൽ വേണ്ട സന്ദർഭങ്ങളിൽ |

## അക്കാദമിക മാസ്റ്റർ പ്ലാൻ എൽ.പി വിഭാഗം, മേഖല – മലയാളം, ചുമതല – മലയാളം അധ്യാപകർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 4 | • കവിതകൾ, പാട്ടുകൾ എന്നിവയുടെ ആശയം തിരിച്ചറിഞ്ഞ് അവയെ വ്യത്യസ്ത രൂപങ്ങളിൽ ആവിഷ്കരിക്കുന്നതിന് | **കാവ്യാവിഷ്ക്കാരം**<br>• കാവ്യാവിഷ്ക്കാരം<br>• ദൃശ്യാവിഷ്ക്കാരം<br>• റോൾ പ്ലേ | ജൂൺ രണ്ടാം വാരം മുതൽ യൂണിറ്റ് ഉടനീളം |
| 5 | • മലയാള സാഹിത്യത്തിൽ കൂടുതൽ അറിയുന്നതിനും സാഹിത്യകാരൻമാരുടെ പങ്കു തിരിച്ചറിയുന്നതിനും | **എഴുത്തുകാരെ പരിചയപ്പെടാം**<br>• സാഹിത്യകാരൻമാരുടെ ജന്മദിനം, ചരമദിനം തുടങ്ങിയ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ<br>• പാഠഭാഗങ്ങളിലെ എഴുത്തുകാരെ അടുത്തറിയാം<br>• സാഹിത്യക്വിസ്സ്<br>• പുസ്തകപരിചയം<br>• ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ ആരംഭം |
| 6 | • വിവിധ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഭാഷാശേഷി വികസിപ്പിക്കുന്നതിന് | **കണ്ടറിയാം ........കേട്ടറിയാം**<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോ ഓഡിയോ പ്രദർശനം | ജൂൺ – മാർച്ച് |
| 7 | • നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | **രുചിച്ചറിയാം**<br>• ഭക്ഷ്യമേള<br>• പാചകക്കുറിപ്പുകൾ അടങ്ങിയ പതിപ്പ്<br>• ക്ലാസ്സിൽ ഒരു സദ്യ | നവംബർ<br>ഡിസംബർ<br>മാസങ്ങൾ |
| 8 | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ അടുത്തറിയൽ | **കലക്കൂട്ട്**<br>• പ്രാദേശിക കലാകാരൻമാരെ പരിചയപ്പെടൽ<br>• വിവിധ കലാരൂപങ്ങളുടെ പ്രദർശനം<br>• കല ആൽബം തയ്യാറാക്കൽ | ഡിസംബർ<br>ജനുവരി<br>മാസങ്ങൾ |
| 9 | • ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നതിനുള്ള ശേഷി | **സർഗോത്സവം**<br>• സർഗ്ഗവേള<br>• ക്ലാസ്സ് പി ടി എ യോഗങ്ങൾ<br>• പഠനോത്സവം<br>• വാർഷികാഘോഷം | • ക്ലാസ്സ് പി ടി എ യോഗങ്ങൾ നടക്കുമ്പോൾ<br>• ആഴ്ചയിൽ ഒരു ദിവസം<br>• ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ |

എൽ.പി വിഭാഗം, മേഖല - ഇംഗ്ലീഷ്, ചുമതല - ഇംഗ്ലീഷ് അധ്യാപകർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | Simple words, simple sentences, add more lines, description make sure these are in the children. | * Simple words introducing provide picture cards, gives a familiar magic picture card.<br>* Enjoy songs and sing them with rithm and action.<br>* Read and write simple words and simple sentences.<br>* Provide picture card and reading card. | June - September |
| 2 | Develop the skills of listening, Speaking, Reading and writing | * Conduct assembly in English | Throughout the year |
| 3 | * To speak, read and write English without making any mistakes<br>* Empowering reading ability | * Introduces simple picture description, word chain, sentence chain, make words.<br>* Write diart daily<br>* Organising reader corner<br>* Writing reading notes<br>* Providing material relating Hello English | Throughout the year |
| 4 | An opportunity to speak English with confidence | * Let's talk - interacting with the talented<br>* English Balasabha<br>* Reading competition, presenting skills etc.... | Throughout the year |
| 5 | An opportunity to speak English with confidence | * Creating situations relating speech throughout conversation | Getting situations |

## അക്കാദമിക മാസ്റ്റർ പ്ലാൻ എൽ. പി വിഭാഗം, മേഖല – അറബിക്, ചുമതല – അറബിക് അധ്യാപകർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | • തെറ്റ് കൂടാതെയുള്ള ആശയ ഗ്രഹണ വായന കുട്ടിയെ വായനാലോകത്തേക്ക് കൊണ്ടുവരൽ | • ക്ലാസ്സ് വായന, ചിത്രകഥ, കഥപുസ്തകം, ചെറിയവിവരണ ബുക്കുകൾ | വർഷം മുഴുവൻ |
| 2 | • സന്ദർഭത്തിനനുസരിച്ച് അറബിയിൽ സംഭാഷണങ്ങൾ അവതരിപ്പിക്കൽ | • ഭാഷണത്തിനു ക്ലാസ്സിൽ അവസരം ഒരുക്കുന്നു | വർഷം മുഴുവൻ |
| 3 | • അറബിഭാഷ എഴുത്തിന്റെ പരിപോഷണം | • കയ്യെഴുത്ത് മാസിക നിഘണ്ടു നിർമ്മാണം | ജനുവരി - ഫെബ്രുവരി |
| 4 | • ചിത്രത്തെ ആസ്പദമാക്കി ലഘുവിവരണങ്ങൾ തയ്യാറാക്കൽ | • ചിത്രങ്ങൾ നിരീക്ഷിച്ച് ആവശ്യമായ വാചകങ്ങൾ കണ്ടെത്തുകയും ക്രോഡീകരിച്ച് ലഘുവിവരണങ്ങൾ തയ്യാറാക്കുന്നു. | വർഷം മുഴുവൻ |
| 5 | • സർഗ്ഗാത്മകശേഷി വളർത്തൽ | • താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ള കവിതകൾക്ക് ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു. പുതിയ വരികൾ കണ്ടെത്തുന്നു | ജൂൺ - ഫെബ്രുവരി |

## അക്കാദമിക മാസ്റ്റർ പ്ലാൻ എൽ. പി വിഭാഗം, മേഖല – പരിസരപഠനം, ചുമതല – ക്ലാസ്സ്ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | • തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക | • പ്രകൃതി നടത്തം<br>• പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ<br>• പ്രകൃതി നിരീക്ഷണത്തിലൂടെ വിവിധ പക്ഷികൾ അവയുടെ ശബ്ദം പ്രത്യേകതകൾ മനസ്സിലാക്കുന്നു.<br>• ഐസിടി മുഖേന പാഠഭാഗവുമായി ബന്ധപ്പെട്ട ഇത്തരം പ്രവർത്തനങ്ങൾ കാണാൻ അവസരം | ജൂൺ |
| 2 | • ശാസ്ത്രപഠനം ലളിതവും രസകരവും ആക്കാൻ | • ശാസ്ത്രപഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>• ലഘു പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ/ പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കാൻ<br>• ശാസ്ത്രപ്രതിഭകളെ അടുത്തറിയാം<br>• പരീക്ഷണം വീടിനകത്തും | ജൂൺ - മാർച്ച് |

<u>അക്കാദമിക മാസ്റ്റർ പ്ലാൻ എൽ.പി വിഭാഗം, മേഖല – പരിസരപഠനം, ചുമതല – ക്ലാസ്സ്ടീച്ചർ</u>

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| | | • ശാസ്ത്രമാസികകൾ<br>• അന്വേഷണത്വര വളർത്താൻ വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക് എന്നിവ സന്ദർശിക്കൽ<br>• പരിസരപഠനത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ചെയ്യൽ<br>• പരിസരപഠനം മൂല- പരിസര പഠനവുമായി ബന്ധപ്പെട്ട സാമഗ്രികൾ ഉൾക്കൊള്ളുന്നതായിരിക്കണം | ജൂൺ |
| 3 | • ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | • ശാസ്ത്രപതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം എന്നിവയുടെ പ്രദർശനം<br>• ജൈവ വൈവിധ്യപാർക്ക്<br>• തടയണ, മഴക്കുഴി നിർമ്മാണം | ജൂൺ - ഫെബ്രുവരി |
| 4 | • പ്രകൃതി വിഭവ സംരക്ഷണം | • ജലസ്രോതസ്സുകൾ സംരക്ഷണം<br>• പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം<br>• പരിസ്ഥിതി ദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ഫെബ്രുവരി |
| 5 | • നിരീക്ഷണം - അറിവ് നിർമ്മാണം | • പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം |
| 6 | • പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | • പ്രകൃതിനടത്തം | ഒരു ദിവസം |
| 7 | • ഭൂപട വായന സൂചിക - പരിചയം | • ഭൂപട രചന, സൂചിക നിർമ്മാണം | വർഷത്തിൽ ഒന്ന് |
| 8 | • ശാസ്ത്രപഠനത്തിൽ താല്പര്യം അന്വേഷണ ത്വര വളർത്തൽ | • വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക് എന്നിവ സന്ദർശിക്കൽ | ആവശ്യാനുസരണം |
| 9 | • ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | • ശാസ്ത്രപതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം. | വർഷത്തിൽ ഒന്ന് |

## അക്കാദമിക മാസ്റ്റർ പ്ലാൻ എൽ. പി വിഭാഗം, മേഖല – ഗണിതം, ചുമതല – ക്ലാസ്സ്ടീച്ചർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | • ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • കുട്ടികളിൽ പിന്നോക്കമായി കാണുന്ന പഠന നേട്ടങ്ങൾ കണ്ടെത്തുന്നു.<br>• പ്രീടെസ്റ്റ് മൂല്യനിർണ്ണയം റിപ്പോർട്ട് എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു.<br>• മൂർത്ത വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ (കൂട്ടങ്ങളാക്കൽ, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം) വർക്ക് ഷീറ്റ് നൽകാൻ<br>ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ജൂൺ - ആഗസ്റ്റ് |
| 2 | • സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു | • മഞ്ചാടി സഞ്ചി നിർമ്മിക്കുന്നു<br>• മഞ്ചാടിസഞ്ചിയിലെ സാധനങ്ങൾ ഉപയോഗപ്പെടുത്തി സംഖ്യാവബോധം ഉണ്ടാക്കുന്നു. | വർഷം മുഴുവൻ |
| 3 | • ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | • ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ<br>• ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ, വിവിധ ഉൽപ്പന്നങ്ങളുടെ നിർമ്മാണം.<br>ചുറ്റുപാടുമുള്ള ഗണിതരൂപങ്ങളെ പരിചയപ്പെടുത്തുന്നു<br>ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ |
| 4 | • പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | • പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം, ക്ലോക്ക് നിർമ്മാണം സമയനാട നിർമ്മിക്കുന്നു.<br>• സ്കെയിൽ നിർമ്മാണം<br>ഗുണന വസ്തുത കാർഡ് നിർമ്മാണം<br>• ഗണിതകിറ്റിലെ (മഞ്ചാടിസഞ്ചി) സാധനങ്ങൾ ഉപയോഗിച്ച് ഗണിതക്രിയകളിൽ ഏർപ്പെടൽ<br>• ഗണിതക്യാമ്പ് | ആവശ്യാനുസരണം |
| 5 | • ഗണിതചിന്താശേഷി വളർത്തൽ | • കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടുത്തൽ<br>• പ്രശ്നോത്തരി<br>• ഗണിതപഠനം നിത്യജീവിതവുമായി ബന്ധപ്പെടുത്തി കച്ചവടസാധ്യത ക്ലാസ്സിൽ കളി നോട്ട് ഉപയോഗിച്ച് നടക്കുന്നു. | വർഷത്തിൽ ഒന്ന് |